**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **28-06-2022 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ വില കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധന പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇന്ധന വില വർദ്ധന മൂലവും മറ്റും രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സപ്ലൈകോ-യുടെ ശക്തമായ വിപണിയിടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരുപരിധിവരെ സഹായിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷം 322.83 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിപണനം ചെയ്തതു വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇതേ രീതിയിൽ 2020-21 സാമ്പത്തിക വർഷം 202.80 കോടി രൂപയുടെയും 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും പ്രയോജനമാണ് സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ |

| | | | |
|---|---|---|---|
| | | | 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ /മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.<br><br>സർക്കാർ സഹായത്തോടെ സപ്ലൈകോ സ്വീകരിച്ച മേൽ വിവരിച്ച നടപടികൾ മൂലം ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ തീവ്രതയിൽ നിന്ന് സാധാരണക്കാർക്ക് ആശ്വാസമേകുന്നതിനും സാധിച്ചു. |
| (ബി) | ഇന്ധന വില വർദ്ധനവിനെത്തുടർന്ന് ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇന്ധന വില വർദ്ധന മൂലവും മറ്റും രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സപ്ലൈകോ-യുടെ ശക്തമായ വിപണിയിടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരുപരിധിവരെ സഹായിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷം 322.83 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ മുഖേന |

| | | | |
|---|---|---|---|
| | | | സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിപണനം ചെയ്തതു വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇതേ രീതിയിൽ 2020-21 സാമ്പത്തിക വർഷം 202.80 കോടി രൂപയുടെയും 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും പ്രയോജനമാണ് സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ /മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.<br><br>സർക്കാർ സഹായത്തോടെ സപ്ലൈകോ സ്വീകരിച്ച മേൽ വിവരിച്ച നടപടികൾ മൂലം ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ തീവ്രതയിൽ നിന്ന് സാധാരണക്കാർക്ക് ആശ്വാസമേകുന്നതിനും സാധിച്ചു. |
| (സി) | കേന്ദ്രസർക്കാർ ഇന്ധന നികുതി കുറച്ച സാഹചര്യത്തിൽ രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും ഇന്ധന വില കുറച്ചപ്പോൾ കേരളം ഇന്ധന വില കുറയ്ക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി |

| | | | |
|---|---|---|---|
| | | | യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ ഓരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് 06-05-2020-ൽ യഥാക്രമം 32.98 രൂപ/ലിറ്റർ, 31.83 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതികളാണ് നിലവിൽ 19.9 രൂപ/ലിറ്റർ, 15.8 രൂപ/ലിറ്റർ എന്നിങ്ങനെയായി കുറച്ചത്. കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നികുതി കുറച്ച് പെട്രോൾ, ഡീസൽ വില കുറയ്ക്കാവുന്നതാണ്.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലവർദ്ധനവ് അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |
| (ഡി) | 2022 മേയ് മാസത്തിൽ കേന്ദ്ര സർക്കാർ പെട്രോൾ, ഡീസൽ എന്നിവയുടെ വില കുറച്ചപ്പോൾ സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പന നികുതിയിൽ ഉണ്ടായ കുറവിനനുസൃതമായുള്ള സ്വാഭാവിക വിലക്കുറവ് മാത്രമാണോ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേന്ദ്ര നികുതിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടുന്ന തുകയിന്മേലാണ് സംസ്ഥാന നികുതി കണക്കാക്കുന്നത്. കേന്ദ്ര നികുതിയിൽ കുറവ് വരുത്തുമ്പോൾ സംസ്ഥാനത്തെ നികുതി കണക്കാക്കുന്നതിനുമുൻപുള്ള വിലയിൽ കുറവുണ്ടാകുന്നു. ആനുപാതികമായി സംസ്ഥാന നികുതി വരുമാനത്തിലും കുറവുണ്ടാകുന്നു. അപ്രകാരമുള്ള കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന നികുതി വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാൽ പെട്രോൾ, ഡീസൽ വിലക്കുറവ് കേന്ദ്ര നികുതിയുടെയും സംസ്ഥാന നികുതിയുടെയും കുറവിന്റെ ഫലമായിട്ടുള്ളതാണ്. |
| (ഇ) | പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ സംസ്ഥാന നികുതി കുറയ്ക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഇ) | നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി |

| | | | | |
|---|---|---|---|---|
| | | | | യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ ഓരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് 06-05-2020-ൽ യഥാക്രമം 32.98 രൂപ/ലിറ്റർ, 31.83 രൂപ/ലിറ്റർ എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതികളാണ് നിലവിൽ 19.9 രൂപ/ലിറ്റർ, 15.8 രൂപ/ലിറ്റർ എന്നിങ്ങനെയായി കുറച്ചത്. കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച നികുതി കുറച്ച് പെട്രോൾ, ഡീസൽ വില കുറയ്ക്കാവുന്നതാണ്.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലവർദ്ധനവ് അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ